## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5177

06.02.2014 - ൽ
മറുപടിയ്ക്ക്

## വനിതാ പോലീസുകാരുടേയും ട്രാഫിക് പോലീസുകാരുടേയും അംഗസംഖ്യ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പ്രാരംഭ ഘട്ടത്തിൽ 2500 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) വനിതാ പോലീസുകാരുടേയും ട്രാഫിക് പോലീസുകാരുടേയും അംഗസംഖ്യ വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ആയതു വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ആയിരം വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും 250 വനിതാ എസ്.ഐ-മാരുടെയും തസ്തിക സൃഷ്ടിക്കുന്നതിനും പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രത്യേക നിയമനം നടത്തുന്നതിനുമുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>തൃശ്ശൂർ, കരുനാഗപ്പള്ളി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ട്രാഫിക് പോലീസ് കൺട്രോൾ റൂം സ്ഥാപിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ